ഒക്ടോബർ 2018

പ്രിയ ഗ്രേഡ് 3 വിദ്യാർഥികളുടെ മാതാപിതാക്കളേ/രക്ഷിതാക്കളേ,

പീൽ ഡിസ്ട്രിക്റ്റ് സ്കൂൾ ബോർഡിൽ, *എല്ലാ* വിദ്യാർഥികൾക്കും വ്യക്തിപര മികവ് കൈവരിക്കാൻ കഴിയും വിധം ഏറ്റവും മികച്ച പഠനാന്തരീക്ഷം ഒരുക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഇതു ചെയ്യുന്നതിനുവേണ്ടി, ഞങ്ങൾ തികച്ചും സത്യസന്ധമായി വിദ്യാർഥികളുടെയും അവരുടെ കുടുംബങ്ങളുടെയും ആവശ്യങ്ങൾ മനസ്സിലാക്കിയിരിക്കണം. ഈ ഉദ്യമത്തിൽ ഞങ്ങളെ സഹായിക്കുന്നതിന്, അടുത്ത മാസം ഞങ്ങൾ ആദ്യത്തെ *വിദ്യാർഥി സെൻസസ്* ആരംഭിക്കുമെന്ന് പ്രഖ്യാപിക്കാൻ ഞങ്ങൾക്ക് അതിയായ ആഹ്ലാദമുണ്ട്.

നവംബറിൽ, കിൻഡർഗാർട്ടൻ മുതൽ ഗ്രേഡ് 3 വരെയുള്ള വിദ്യാർഥികളുടെ മാതാപിതാക്കൾക്ക്/രക്ഷിതാക്കൾക്ക് അവരുടെ കുട്ടികളുടെ സാന്നിധ്യത്തിൽ വച്ച് പൂരിപ്പിക്കുന്നതിന് *വിദ്യാർഥി സെൻസസ്* ലഭിക്കും. മിക്ക കുടുംബങ്ങൾക്കും ചോദ്യാവലി, കുട്ടിയുടെ പ്രോഗ്രസ്സ് റിപ്പോർട്ട് ലഭിക്കുന്നതുപോലെ, അതേ കവറിൽ ലഭിക്കും. നിങ്ങൾക്ക് നവംബർ മധ്യത്തോടെ അതിന്റെ പകർപ്പ് ലഭിച്ചില്ലെങ്കിൽ, ദയവായി നിങ്ങളുടെ കുട്ടിയുടെ ടീച്ചറിനെക്കൊണ്ട് പരിശോധിപ്പിക്കുക.

ചോദ്യാവലി പൂർത്തിയാക്കുന്നതിന് ഏകദേശം 30 മിനിറ്റ് എടുക്കും. കിന്റർഗാർട്ടൻ മുതൽ ഗ്രേഡ് 3 വരെ നിങ്ങൾക്ക് ഒന്നിലധികം കുട്ടികൾ ഉണ്ടെങ്കിൽ, ഒരോ കുട്ടിക്കും പ്രത്യേകം ചോദ്യാവലി പൂരിപ്പിക്കാൻ നിങ്ങളോട് ആവശ്യപ്പെടും. സെൻസസിന്റെ വിവർത്തനം ചെയ്ത പതിപ്പുകളും നിങ്ങളുടെ കുട്ടിയുടെ സ്കൂളിൽ നിന്നോ പീൽ സ്കൂൾ ബോർഡിന്റെ വെബ്സൈറ്റിൽ നിന്നോ ലഭിക്കും:www.peelschools.org/studentcensus

സെൻസസിലെ കണ്ടെത്തലുകൾ ബോർഡിനെയും നമ്മുടെ സ്കൂളിനെയും ചുവടെ പറയുന്ന കാര്യങ്ങളിൽ സഹായിക്കുന്നു:

- വിദ്യാർഥി വർഗത്തെയും സ്കൂൾ സമൂഹത്തെയും നന്നായി മനസ്സിലാക്കുന്നതിന്
- വിദ്യാർഥി വിജയത്തിനും, അംഗീകാരത്തിനും, നന്മയ്ക്കും തടസ്സമായവ കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിന്
- ഫലപ്രദമായ പരിപാടികൾ ആരംഭിക്കുന്നതിനും കൂടാതെ, റിസോഴ്സുകൾ ഏറ്റവും വേണ്ടിടത്തെല്ലാം പുനർവിന്യസിക്കുന്നതിനും

*വിദ്യാർഥി സെൻസസ്* രഹസ്യമാണ്, എന്നാലത് അജ്ഞാതമല്ല. ശേഖരിക്കപ്പെട്ട മുഴുവൻ പ്രതികരണങ്ങളും സുരക്ഷിതവും, രഹസ്യവുമായ ഡാറ്റാബേസിൽ സംഭരിച്ചുവയ്ക്കുകയും, അംഗീകൃത റിസർച്ച് സ്റ്റാഫിനു മാത്രമേ അത് പീൽ വിദ്യാർഥികൾക്കിടയിലെ ട്രെൻഡ് തിരിച്ചറിയുന്നതിനും ക്രോഡീകരിക്കുന്നതിനുമായി അത് എടുക്കാൻ സാധിക്കുകയുള്ളൂ. രക്ഷിതാവിനുള്ള ചോദ്യാവലി വെവ്വേറെ വിശകലനം ചെയ്യുകയില്ല. വിദ്യാർഥികളെക്കുറിച്ചുള്ള വിവരം ശേഖരിക്കുന്നതിൽ ഏറ്റവും ഉയർന്ന തലത്തിലുള്ള സ്വകാര്യതയും രഹസ്യാത്മകതയും ഉറപ്പാക്കുന്നതിൽ

പീൽ ബോർഡ് പ്രതിജ്ഞാബദ്ധമാണ് കൂടാതെ, മുനിസിപ്പൽ ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് പ്രൈവസി ആക്ടിൽ (എംഎഫ്ഐപിപിഎ) സൂചിപ്പിച്ചിരിക്കുന്ന എല്ലാ സ്വകാര്യതാ ആവശ്യങ്ങളും പാലിക്കുകയും ചെയ്യുന്നു. *വിദ്യാർഥി സെൻസസിലൂടെ* ശേഖരിക്കുന്ന വിവരങ്ങൾ, എജ്യൂക്കേഷൻ ആക്റ്റ് (ആർ.എസ്.ഒ 1990, സി. ഇ. 2, ഭേദഗതി), നിയമാധികാരി വഴിയാകും വിദ്യാഭ്യാസ ഗവേഷണ ആവശ്യങ്ങൾക്കായി മാത്രം ശേഖരിക്കുന്നത്.

*വിദ്യാർഥി സെൻസസിലെ* പങ്കാളിത്തം സ്വമേധയാ ഉള്ളതാണ്. എന്നിരുന്നാലും, പൂർത്തിയാക്കൽ നിരക്ക് ഉയർന്നിരുന്നാൽ അത്രയും സമ്പുഷ്ടവും വിശ്വസനീയവുമായിരിക്കും സ്കൂൾ പരിഷ്കരണത്തിനും പരിപാടി ആസൂത്രണത്തിനും വേണ്ടിയുള്ള വിവരങ്ങൾ.

നിങ്ങൾക്ക് എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ, ഈ കത്തിനു പിറകിലുള്ള ഫാക്റ്റ് ഷീറ്റ് പരിശോധിക്കുക. നിങ്ങൾക്കിത് www.peelschools.org/studentcensus സന്ദർശിക്കാം അല്ലെങ്കിൽ പീൽ ബോർഡിന്റെ റിസർച്ച് ആൻഡ് അക്കൗണ്ടബിലിറ്റി വകുപ്പുമായി ബന്ധപ്പെടാം 905-890-1010 ext. 3523 അല്ലെങ്കിൽ studentcensus@peelsb.com.

എല്ലായ്പ്പോഴുമെന്നപോലെ, ഓരോ വിദ്യാർഥിയിലും വിജയവും, ആത്മവിശ്വാസവും, പ്രതീക്ഷയും നൽകി പ്രചോദിപ്പിക്കുന്നതിന് നിങ്ങൾ തുടർന്നുവരുന്ന പിന്തുണയ്ക്ക് ഞങ്ങൾ നന്ദി അറിയിക്കുന്നു.



പീറ്റർ ജോഷ്വാ
വിദ്യാഭ്യാസ ഡയറക്ടർ

# പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ

**പീൽ ഡിസ്ട്രിക്റ്റ് സ്കൂൾ ബോർഡിന്റെ *വിദ്യാർഥി സെൻസസ്* കൊണ്ടുള്ള ലക്ഷ്യം എന്താണ്?**

സെൻസസിലെ കണ്ടെത്തലുകൾ ബോർഡിനെയും നമ്മുടെ സ്കൂളുകളെയും സഹായിക്കും:

- വിദ്യാർഥി വർഗത്തെയും സ്കൂൾ സമൂഹത്തെയും നന്നായി മനസ്സിലാക്കുന്നതിന്
- വിദ്യാർഥി വിജയത്തിനും, അംഗീകാരത്തിനും, നന്മയ്ക്കും തടസ്സമായവ കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിന്
- ഫലപ്രദമായ പരിപാടികൾ ആരംഭിക്കുന്നതിനും കൂടാതെ, റിസോഴ്സുകൾ ഏറ്റവും വേണ്ടിടത്തെല്ലാം പുനർവിന്യസിക്കുന്നതിനും

**എന്തുതരം ചോദ്യങ്ങളാണ് *വിദ്യാർഥി സെൻസസിൽ* ഉൾപ്പെടുത്തിയിട്ടുള്ളത്?**

*വിദ്യാർഥി സെൻസസിൽ* വിദ്യാർഥിയുടെ തിരിച്ചറിയൽ, കുടുംബ സവിശേഷതകൾ, സ്കൂൾ അനുഭവങ്ങൾ, വിദ്യാർഥിയുടെ നന്മ എന്നീ കാര്യങ്ങളെ കുറിച്ചുള്ള ഏകദേശം 30 ചോദ്യങ്ങൾ അടങ്ങിയിട്ടുണ്ട്.

**സെൻസസിലെ എല്ലാ ചോദ്യത്തിനും ഞാൻ ഉത്തരം നൽകേണ്ടതുണ്ടോ?**

*വിദ്യാർഥി സെൻസസ്* സ്വമേധയാലുള്ളതാണ്. നിങ്ങൾക്ക് ഉത്തരം നൽകാൻ ആഗ്രഹമില്ലാത്ത ചോദ്യം ഒഴിവാക്കാനോ, പങ്കെടുക്കാതിരിക്കാൻ തന്നെയോ കഴിയും. എന്നിരുന്നാലും, പൂർത്തിയാക്കൽ നിരക്ക് ഉയർന്നിരുന്നാൽ അത്രയും സമ്പുഷ്ടവും വിശ്വസനീയവുമായിരിക്കും സ്കൂൾ പരിഷ്കരണത്തിനും പരിപാടി ആസൂത്രണത്തിനും വേണ്ടിയുള്ള വിവരങ്ങൾ.

**എനിക്ക് കിൻഡർഗാർട്ടൻ മുതൽ ഗ്രേഡ് 3 വരെ ഒന്നിലധികം കുട്ടികളുണ്ട്. ഓരോ കുട്ടിക്കും ഞാൻ പ്രത്യേകം സെൻസസ് പൂരിപ്പിക്കേണ്ടതുണ്ടോ?**

അതെ, ഓരോ കുട്ടിക്കും നിങ്ങൾ പ്രത്യേകം സെൻസസ് പൂരിപ്പിക്കേണ്ടതുണ്ട്. ഓരോ ചോദ്യാവലിയിലും ഓരോ വിദ്യാർഥിയുടെയും ഐഡിയുമായി ബന്ധപ്പെടുത്തിയ സവിശേഷമായ, നിശ്ചിത കോഡ് ഉണ്ടായിരിക്കും.

**ഞാൻ ചോദ്യാവലി പൂരിപ്പിക്കുമ്പോൾ എന്റെ കുട്ടി അടുത്തുണ്ടായിരിക്കേണ്ടതുണ്ടോ?**

എല്ലാ വിദ്യാർഥികൾക്കും പറയാനുള്ളത് കേൾക്കുക എന്നതാണ് *വിദ്യാർഥി സെൻസസിന്റെ* ലക്ഷ്യം. നിങ്ങൾ നിങ്ങളുടെ കുട്ടികളോടൊത്ത് സെൻസസ് പൂർത്തിയാക്കണമെന്നത് പ്രോത്സാഹിപ്പിക്കാൻ കാരണം അവരുടെ ചിന്തകളും അനുഭവങ്ങളും പകർത്തിയെടുക്കാൻ വേണ്ടിയാണ്.

**എന്റെ പ്രതികരണങ്ങൾ എങ്ങനെ രഹസ്യമാക്കിവയ്ക്കും?**

നിങ്ങളുടെ സെൻസസ് ചോദ്യാവലിയിൽ നിങ്ങളുടെ കുട്ടിയുടെ പേര് അടങ്ങിയ ഒരു ഭാഗം ചേർത്തിട്ടുണ്ടാകും—ഇതാണ് നിങ്ങളുടെ കുട്ടിയുടെ പേരോ മറ്റേതെങ്കിലും തിരിച്ചറിയൽ

വിവരങ്ങളോ അടങ്ങിയ ഏക പുറം. പൂരിപ്പിച്ച സെൻസസ് ഒരു കവറിലിട്ട് ഒട്ടിക്കുന്നതിനു മുൻപ്, ഈ കൂട്ടിച്ചേർത്ത ഭാഗം നീക്കംചെയ്യാൻ സെൻസസിനോടൊപ്പമുള്ള നിർദേശങ്ങളിൽ പറഞ്ഞിട്ടുണ്ടാകും. ഓരോ സ്കൂളിൽ നിന്നുമുള്ള ഈ ഒട്ടിച്ച കവറുകൾ പ്രതികരണങ്ങൾ പരിശോധിക്കാൻ പീൽ ബോർഡ് ചുമതലപ്പെടുത്തിയിട്ടുള്ള സുരക്ഷിതമായ, പുറം കമ്പനിയിലേക്ക് അയയ്ക്കും. ഈ രഹസ്യ ഡാറ്റാബേസ് വിശകലനത്തിനും ഗവേഷണത്തിനുമായി ഗവേഷണ വകുപ്പിന് മാത്രമേ എടുക്കാൻ കഴിയുകയുള്ളൂ. ഈ ഘട്ടങ്ങൾ മുനിസിപ്പൽ ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് പ്രൈവസി ആക്റ്റിനു (എംഎഫ്ഐപിപിഎ) വിധേയമായിട്ടായിരിക്കും.

### ഒരു രഹസ്യ സെൻസസും അജ്ഞാത സെൻസസും തമ്മിലുള്ള വ്യത്യാസം എന്താണ്?

ഈ *വിദ്യാർഥി സെൻസസ്* രഹസ്യമാണ്, എന്നാലിത് അജ്ഞാതമല്ല. സെൻസസ് ചോദ്യാവലിയിൽ ഓരോ വിദ്യാർഥിയുടെയും ഐഡി നമ്പറുമായി ബന്ധപ്പെടുത്തിയ ഒരു സവിശേഷ കോഡ് അടയാളപ്പെടുത്തിയിട്ടുണ്ടാകും. ഈ സവിശേഷ കോഡ് ബോർഡിന്റെ ഗവേഷണ വിഭാഗത്തെ പ്രതികരണങ്ങൾ വിശകലനം ചെയ്യുന്നതിന് അനുവദിക്കുകയും അതേസമയം മുൻപ് ശേഖരിച്ചിട്ടുള്ള ഡാറ്റാകൾ (ഉദാ: വിലാസം, വീട്ടിൽ സംസാരിക്കുന്ന ഭാഷകൾ, ഗ്രേഡുകൾ, മുതലായവ) ഉപയോഗിച്ചും വിശകലനം ചെയ്ത് അതിലൂടെ പീൽ വിദ്യാർഥി കൂടുതൽ സമഗ്രമായി മനസ്സിലാക്കുകയും ചെയ്യുന്നു. വ്യക്തിഗത തിരിച്ചറിയലുകളൊന്നും തന്നെ—വിദ്യാർഥിയുടെ പേരോ ഐഡി നമ്പറോ പോലുള്ളവ—ചോദ്യാവലിയിൽ കാണുകയില്ല, അതിലൂടെ മാതാപിതാക്കൾക്ക്/രക്ഷിതാക്കൾക്ക് നൽകുന്ന വിവരം രഹസ്യമാണെന്ന് ഉറപ്പാക്കുന്നു.

### സെൻസസ് ഡാറ്റാകൾ എങ്ങനെ ഉപയോഗിക്കും?

പ്രതികരണങ്ങൾ നടപടിക്രമമനുസരിച്ച് പരിശോധിച്ചുകഴിഞ്ഞാൽ, പീൽ ബോർഡ് ഗവേഷണ വിഭാഗം, ബോർഡിനെയും സ്കൂൾ അധികാരികളെയും പരിപാടികളും നിർദേശങ്ങളും സംബന്ധിച്ച വിവരം അറിയിക്കുന്നതിന് റിപ്പോർട്ടുകളുടെ ഒരു പരമ്പരതന്നെ തയാറാക്കും. സംഗ്രഹിച്ച ഡാറ്റാ ഈ സമൂഹ പങ്കാളികളും സർക്കാർ ഏജൻസികളുമായും പങ്കുവയ്ക്കുകയും അതിലൂടെ അവരുടെ സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമാം വിധം ഏറ്റവും മികച്ച രീതിയിൽ അവരുടെ സേവനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. ഡാറ്റാ റിപ്പോർട്ടുകളോ വിശകലനങ്ങളോ ഒരിക്കലും ഒരു വിദ്യാർഥിയെയും വേർതിരിച്ച് കാട്ടില്ല. നിയമപ്രകാരം, ഈ സെൻസസ് പൂർത്തിയാക്കുന്ന ഒരു വിദ്യാർഥിയുടെയോ/മാതാപിതാവിന്റെയോ വ്യക്തിഗതമായ വിവരങ്ങൾ വെളിപ്പെടുത്താൻ പീൽ ബോർഡിന് കഴിയുകയില്ല.